## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### കാർഷിക കടാശ്വാസം

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, സംസ്ഥാനത്ത് കാർഷികവൃത്തിക്കുവേണ്ടി വായ്പയെടുക്കുന്ന ഒരു കർഷകൻപോലും ആത്മഹത്യയിലേയ്ക്ക് പോകരുതെന്ന നിശ്ചയദാർഢ്യത്തോടെയാണ് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കാർഷിക കടാശ്വാസ കമ്മീഷന് രൂപം നൽകിയത്. അതിനുമുമ്പ് 2001-06 കാലഘട്ടത്തിൽ കേരളത്തിലെ കർഷക ആത്മഹത്യ വ്യാപകമായ നിലയിലായിരുന്നു. എന്നാൽ കേരളത്തിലെ 2006-11 കാലഘട്ടത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിലിരുന്നപ്പോൾ ജസ്റ്റിസ് ശ്രീ. കെ. ആർ. ഉദയഭാനു ചെയർമാനായി 08-01-2007-ന് കാർഷിക കടാശ്വാസ കമ്മീഷൻ രൂപീകരിക്കുകയും കർഷകരുടെ വായ്പാബാധ്യതയ്ക്ക് ആശ്വാസം ലഭിക്കുന്ന തരത്തിൽ ഫലപ്രദമായി ഇടപെടുകയും ചെയ്തതോടെ കർഷക ആത്മഹത്യാനിരക്ക് ഗണ്യമായി കുറയ്ക്കുന്നതിനും തുടർന്ന് ഒരു കർഷകൻ പോലും കാർഷിക കടത്തിന്റെ പേരിൽ ജീവനൊടുക്കാൻ ഇടയാകാത്ത

സ്ഥിതി സൃഷ്ടിക്കുകയും ചെയ്തു. എന്നാൽ അതിനുശേഷം സ്ഥിതി വീണ്ടും പഴയതുപോലെയായി. ഇക്കാലത്ത് കടാശ്വാസം ലഭിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കണമെന്ന് ആവശ്യമുയർന്നുവെങ്കിലും അത് നടപ്പിലായിരുന്നില്ല.

ഈ സർക്കാർ അധികാരമേറ്റതിനുശേഷം കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു. ഇതേത്തുടർന്ന് കഴിഞ്ഞ രണ്ടു വർഷത്തിനിടെ, ഇതുവരെ ഒരു കർഷക ആത്മഹത്യപോലും സംസ്ഥാനത്ത് ഉണ്ടായിട്ടില്ലെന്നത് നമ്മുടെ നേട്ടമാണ്. സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പയുടെ കുടിശ്ശികയാണ് കമ്മീഷൻ പരിഗണിക്കുന്നത്. ഏറ്റവും കൂടുതൽ കർഷക ആത്മഹത്യകൾ നടന്ന വയനാട് ജില്ലയിലെ കർഷകരുടെ 2011 ഒക്ടോബർ 31 വരെയുള്ള വായ്പകളും മറ്റ് ജില്ലകളിൽ 2007 ജനുവരി 18 വരെയുള്ള വായ്പകളുമാണ് കടാശ്വാസത്തിന് പരിഗണിച്ചിരുന്നത്. സംസ്ഥാനത്തെ ലക്ഷക്കണക്കിന് ചെറുകിട-നാമമാത്ര കർഷകർക്ക് ആശ്വാസം നൽകുന്ന ചരിത്രപരമായ തീരുമാനമാണ് സംസ്ഥാന സർക്കാർ എടുത്തിട്ടുള്ളത്. ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം 6193 കർഷകർക്കായി 160,67,77,951 രൂപയുടെ കടാശ്വാസം നൽകുന്നതിന് ശിപാർശ ചെയ്തിരുന്നു. 2017-18 സാമ്പത്തിക വർഷം 3037 അപേക്ഷകർക്ക് കടാശ്വാസം നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. 2015 ഒക്ടോബർ 31-ന് മുമ്പ് കാർഷിക കടാശ്വാസ കമ്മിഷന് ലഭിച്ച അപേക്ഷകളാണ് ഇപ്പോൾ പരിഗണിക്കുന്നത്. 217,00,78,529 രൂപ കടാശ്വാസം നൽകുന്നതിനായി കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ഇത് പരിശോധിച്ച് 189,21,36,046 രൂപയുടെ ആനുകൂല്യം ഇതുവരെ അനുവദിച്ച് നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ കാർഷിക വായ്പകൾ എടുത്തത് തിരിച്ചടയ്ക്കാനാകാതെ ജീവിതം വഴിമുട്ടിനിൽക്കുന്ന കർഷകരെ സഹായിക്കാൻ കടാശ്വാസ കമ്മീഷൻ പരിഗണിക്കുന്ന വായ്പയുടെ കാലാവധി ദീർഘിപ്പിക്കണമെന്ന കർഷകരുടെ നിരന്തരമായ ആവശ്യം പരിഗണിച്ചുകൊണ്ട് തുടർന്നും കർഷകർക്ക് ആശ്വാസം നൽകുന്നതിനാണ് സംസ്ഥാന മന്ത്രിസഭ ഇന്നലെ തീരുമാനമെടുത്തത്. വയനാട് ജില്ലയിൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിൽ

കുടിശ്ശികയായ കാർഷിക വായ്പകളും മറ്റ് ജില്ലകളിൽ 2011 ഒക്ടോബർ 31 വരെയുള്ള വായ്പകളുമാണ് ഈ സർക്കാർ കാർഷിക കടാശ്വാസത്തിന് പരിഗണിക്കുന്നത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നൂറുകണക്കിന് കർഷകർ ആത്മഹത്യചെയ്യുകയും കാർഷിക കടങ്ങൾ എഴുതിത്തള്ളണമെന്ന ആവശ്യവുമായി സമര രംഗത്ത് തുടരുകയും ചെയ്യുന്ന സമയത്താണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പ്രകടന പത്രികയിൽ നൽകിയിട്ടുള്ള ഉറപ്പ് പാലിക്കുകയും കർഷകരോടുള്ള പ്രതിബദ്ധത വിളിച്ചറിയിക്കുന്ന ചരിത്രപരമായ തീരുമാനം എടുത്തിരിക്കുന്നത്. മാത്രമല്ല, ഇനി ഒരു കർഷകൻപോലും കൃഷി ലാഭകരമല്ലാതായതിന്റെ പേരിൽ ആത്മഹത്യയിലേയ്ക്ക് നീങ്ങാൻ ഇടയാകരുതെന്ന നിർബന്ധവും സംസ്ഥാന സർക്കാരിനുണ്ട്. അതുകൊണ്ട് കാർഷികവൃത്തി കൂടുതൽ ലാഭകരമാക്കുന്നതിനും കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിനുമുള്ള നയപരവും ക്രിയാത്മകവുമായ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.